**കേരളാസിറാമിക്സ്ലിമിറ്റഡ്**

**കുണ്ടറ പി.ഓ, കൊല്ലം**

**ഫോൺ 0474-2522248, 2526158, mob:9847100661**

**TD. No.04/ P&S /1329/ /2024-25 15.04.2024**

**<u>കാന്റീൻ ടെണ്ടർ പരസ്യം</u>**

കേരളാ സിറാമിക്സിന്റെ ക്ളെയിസ്ആന്റ് മിനറൽസ് ഡിവിഷൻ കാന്റീൻ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നടത്തുന്നതിന് മത്സരസ്വഭാവമുള്ള ടെണ്ടറുകൾ നിർദ്ദിഷ്ഠ ഫോറത്തചന്റ **30.04.2024** പകൽ 3 മണിയ്ക്ക് മുമ്പായി ക്ഷണിച്ചുകൊള്ളുന്നു. ടെണ്ടറുകൾ അന്നേ ദിവസം സന്നിഹിതരാകുന്നവരുടെ സാന്നിദ്ധ്യത്തിൽ **3.30** മണിയ്ക്ക് തുറന്നു പരിശോധിക്കുന്നതാണ്. ടെണ്ടറുകൾ ഭാഗികമായോ മൊത്തമായോ സ്വീകരിയ്ക്കുന്നതിനും, നിരാകരിയ്ക്കുന്നതിനുമുള്ള അധികാരം മാനേജ്മെന്റിൽ നിക്ഷിപ്തമാണ്. ടെണ്ടറിൽ കൊടുത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുബന്ധം- I **ൽ**കൊടുത്തിരിക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ പാചകംചെയ്ത് നിശ്ചിതനിരക്കിൽവിതരണം ചെയ്യുന്നതിന് ആവശ്യമായ സബ്സിഡി ഉൾപ്പടെ രേഖപ്പെടുത്തി അനുബന്ധം - II ൽ കൊടുത്തിട്ടുള്ളടെണ്ടർ ഫാറം 500/ രൂപായും12% നികുതിയും ഉൾപ്പെടെ 560/ രൂപാ കമ്പനിയിൽ അടച്ച് കാഷ്യറിൽ നിന്നും വാങ്ങി നിരതദ്രവ്യമായി 2500/ രൂപാ അടച്ച്കവറിൽ അടക്കംചെയ്ത് മുദ്രവച്ച് നൽകേണ്ടതാണ്.

**<u>ടെണ്ടർവ്യവസ്ഥകൾ</u>**

1. ടെണ്ടറിനോടൊപ്പം മേൽവിലാസവും ഫോട്ടോയും ഉള്ളതിരിച്ചറിയൽ കാർഡിന്റെ സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകേണ്ടതാണ്.

2. നിലവിലുള്ള കേന്ദ്ര-സംസ്ഥാന നിയമങ്ങളനുസരിച്ചുള്ള നികുതികൾ/TDS ബില്ലിൽ നിന്നും കുറവുചെയ്യുന്നതാണ്.

3. ഭക്ഷണം പാകപ്പെടുത്തികൊടുക്കുന്നതിനുള്ള കെട്ടിടം, വെള്ളം, ലൈറ്റ്(വൈദ്യുതി), ഫർണീച്ചർ ഇവ കമ്പനിയിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്. ഏതെങ്കിലും കമ്പനിയുടെ നിയന്ത്രണത്തിന് അതീതമായി വൈദ്യുതിയോ, വെള്ളമോ നൽകാൻ കഴിയാത്തപക്ഷം കോൺട്രാക്ടർ അവ സൗകര്യപ്പെടുത്തി കാന്റീൻ പ്രവർത്തിപ്പിക്കേണ്ടതാണ്.

4. മുൻകാലങ്ങളിൽ കാന്റീൻ നടത്തിപ്പിൽ വീഴ്ചവരുത്തിയവരോ അവരുടെ ബന്ധുമിത്രാദികളോ സമർപ്പിക്കുന്ന ടെണ്ടറുകൾ പ്രത്യേകിച്ച്കാരണം കൂടാതെ തന്നെ നിരസിക്കാനുള്ള അവകാശം മാനേജ്മെന്റിൽ നിക്ഷിപ്തമാണ്.

5. ആഹാരം കൊടുക്കുന്നതിന് ആവശ്യമായ പാത്രങ്ങൾ, ഗ്ളാസ്സുകൾ എന്നിവ കോൺട്രാക്ടർകരുതേണ്ടതാണ്.

6. ഉച്ചകഴിഞ്ഞ് 3 മണിക്കും 6 മണിക്കും, ചായയും, കാപ്പിയും, പാൽക്കാപ്പിയുംമറ്റും

ജീവനക്കാർക്ക് നിശ്ചിതസ്ഥലത്ത് എത്തിച്ച കൊടുക്കേണ്ടതാണ്

7. ജോലിയ്ക്ക് ഹാജരാകുന്ന ഒരുജീവനക്കാരന് ദിനം പ്രതിനൽകുന്ന ഭക്ഷണത്തിന്റെ തുകകൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഒരുജീവനക്കാരന് ഒരുദിവസം നൽകാവുന്ന ഭക്ഷണത്തിന്റെ തുക പരമാവധി 15/-രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

8. ശമ്പള ദിവസത്തിന് 7 ദിവസം മുമ്പായി ജീവനക്കാരിൽ നിന്നും പിരിഞ്ഞു കിട്ടേണ്ട തുകയുടെ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റിന്റെ രണ്ട് പ്രതികൾ കോൺട്രാക്ടർ തരേണ്ടതും, അതനുസരിച്ച് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും തുക ഈടാക്കി കോൺട്രാക്ടർക്ക് നൽകുന്നതുമാണ്.

9. കാന്റീൻ നടത്തിപ്പിന് യാതൊരു അഡ്വാൻസും കമ്പനി നൽകുന്നതല്ല.

10. കമ്പനിയുടെ സുഗമമായ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന യാതൊരുവിധ പ്രവർത്തനങ്ങളിലും കോൺട്രാക്ടറോ, കോൺട്രാക്ടറുടെ ജീവനക്കാരോ നേരിട്ടോപരോക്ഷമായോ ഏർപ്പെടുവാൻ പാടുള്ളതല്ല.

11. കോൺട്രാക്ടർക്കോ, കോൺട്രാക്ടറുടെ ജീവനക്കാർക്കോ ഈ കരാർ കാലാവധിക്കകമോ അതിനുശേഷമോ ജോലി നൽകാൻ കമ്പനിക്ക്യാതൊരു ബാധ്യതയുംഉണ്ടായിരിക്കുന്നതല്ല. കമ്പനിയിലെജീവനക്കാർക്ക്അർഹതയുള്ള യാതൊരു ആനുകൂല്യങ്ങൾക്കുംഅർഹതഉണ്ടായിരിക്കുന്നതല്ല.

12. കമ്പനിക്കകത്തുവച്ച്കോൺട്രാക്ടർക്കോ, കോൺട്രാക്ടറുടെജീവനക്കാർക്കോ ഏതെങ്കിലുംഅത്യാഹിതംസംഭവിച്ചാൽ കമ്പനി ഉത്തരവാദിയായിരിക്കുന്നതല്ല. കോൺട്രാക്റ്റർഅതിനു വേണ്ട ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തേണ്ടതാണ്.

13. കോൺട്രാക്റ്റർകാന്റീനിൽ നിയോഗിക്കുന്ന ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളുംകോൺട്രാക്ടർ നൽകേണ്ടതും കമ്പനിക്ക്അതിൽയാതൊരു ഉത്തരവാദിത്വവുംഉണ്ടായിരിക്കുന്നതുമല്ല.ആവശ്യമെങ്കിൽ ഫുഡ്സ്&സേഫ്റ്റി ലൈസൻസ് എടുക്കേണ്ടതാണ്.

14. കോൺട്രാക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കോൺട്രാക്ടർ നൽകേണ്ടതും കമ്പനിക്ക് അതിൽ യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതുമല്ല.

15. കാന്റീൻ തൊഴിലാളികൾക്ക് ഇ.എസ്സ്.ഐ. തുടങ്ങിയ ഇനങ്ങളിൽ നൽകേണ്ട തുക കോൺട്രാക്ടർഅടക്കേണ്ടതാണ്.

16. കോൺട്രാക്ടർക്കും, ജീവനക്കാർക്കും കമ്പനിയിൽ പ്രവേശിക്കുന്നതിന് ഒരു മാസത്തേയ്ക്കുള്ള പാസ്സ്ഒരുമിച്ച് നൽകുന്നതും കാലാവധിക്കുശേഷം പാസ്സുകൾ പുതുക്കി നൽകുന്നതും കമ്പനിയുടെ യുക്തമനുസരിച്ച് ആവശ്യമെന്നുകണ്ടാൽ നോട്ടീസ് തരാതെ തന്നെ പാസ്സുകൾ റദ്ദാക്കുന്നതുമാണ്.

17. കയോളിൻ ഡിവിഷൻ കാന്റീനിലേയ്ക്ക് 19 ജീവനക്കാരിൽ അധികം നിയോഗി ക്കുവാൻ പാടില്ലാത്തതുമാകുന്നു.

18. 18 വയസിൽതാഴെ പ്രായമുള്ളവരെ ജീവനക്കാരായി നിയോഗിക്കാൻ പാടുള്ളതല്ല.

19. കോൺട്രാക്ടർ കാന്റീൻ നടത്തിപ്പ് മറ്റൊരാൾക്ക് കൈമാറാൻ പാടുള്ളതല്ല.

20. ജീവനക്കാരുടെ പേര്, വയസ്സ്മറ്റ് വിവരങ്ങൾ കോൺട്രാക്ടർ നൽകുന്നതോടൊപ്പം ജീവനക്കാരുടെ പാസ്പ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോയുടെ 3 കോപ്പികളും പേഴ്സണൽ ഡിപ്പാർട്ടുമെന്റിൽ ഏൽപ്പിക്കേണ്ടതാണ്.

21. ഏതെങ്കിലും കാരണവശാൽ കാന്റീൻ പ്രവർത്തിപ്പിക്കുവാൻ കഴിയാതെവന്നാൽ ടി ദിവസങ്ങളിൽ തൊഴിലാളികൾ പുറത്തുനിന്നും വാങ്ങികഴിക്കുന്ന ആഹാരത്തിന്റെ വിലവ്യത്യാസം കോൺട്രാക്ടർകൊടുക്കുവാൻ ബാധ്യസ്ഥനാണ് (കോൺട്രാക്ടറുടെ ബില്ലിൽ നിന്നും പിടിക്കുന്നതാണ്).

22. അവധി ദിവസങ്ങളിൽ കമ്പനിയിൽ ജോലിഉണ്ട് എന്ന്അറിയിക്കുന്ന പക്ഷം ടി ദിവസങ്ങളിൽ സാധാരണ രീതിയിൽ കാന്റീൻ പ്രവർത്തിപ്പിക്കേണ്ടതാണ്.

23. ടെണ്ടർ സ്ഥിരപ്പെടുത്തിയശേഷം നിരക്ക് വർധനവ് അനുവദിക്കുന്നതല്ല. .

24. കമ്പനി ജീവനക്കാർ നേരിട്ടോ പരോക്ഷമായോ കാന്റീൻ നടത്തുവാൻ പാടുള്ളതല്ല.

25. ഈ കമ്പനിയിലെ ജീവനക്കാരിൽ ആരെങ്കിലും കരാർകാരന്റെ ബന്ധുവും കച്ചവട പങ്കാളികളിയുമാണെങ്കിൽ ടി വിവരം കമ്പനിയിൽ അറിയിക്കേണ്ടതാണ്.

26. ആവശ്യമെന്ന ുകണ്ടാൽ ഒരുമാസത്തെ നോട്ടീസ് നൽകി ഈ കരാർ റദ്ദാക്കാനുള്ള അവകാശം കമ്പനിക്ക് ഉണ്ടായിരിക്കുന്നതാണ്.

27. ആവശ്യമെന്നുകണ്ടാൽ കരാർ കാലാവധി കഴിഞ്ഞ് ഒരുമാസം കൂടി അല്ലെ ങ്കിൽടെണ്ടർ പ്രകാരംകരാർ അനുസരിച്ച് പുതിയ കരാർകാരൻ കാന്റീൻ നട ത്തിപ്പ്ഏറ്റെടുക്കുന്നതുവരെഇതേവ്യവസ്ഥകൾക്ക്വിധേയമായി കാന്റീൻ നടത്തികൊണ്ടുപോകേണ്ടതാണ്.

28. കോൺട്രാക്റ്റ് അവസാനിച്ച് 15 ദിവസത്തിനുള്ളിൽ ഏല്ലാബില്ലുകളും സമർപ്പിക്കേണ്ടതാണ്. 15 ദിവസത്തിനുശേഷം ലഭിക്കുന്ന ബില്ലുകൾ പരിഗണിക്കുന്നതല്ല.

29. ടെണ്ടർ സമർപ്പിക്കുന്ന വ്യക്തിക്ക് പാൻ രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്.

30. കോൺട്രാക്ടിനെ സംബന്ധിച്ച ഉണ്ടാകാവുന്ന തർക്കങ്ങൾ

മാനേജിംഗ്ഡയറക്ടറുടെ അന്തിമ തീരുമാനത്തിന് വിധേയമാണ്.

31. കരാർലഭിക്കുന്ന വ്യക്തി/ കരാറുകാരൻ ഏറ്റിരിക്കുന്ന നിരക്കുകൾക്കും, മറ്റുംവ്യവസ്ഥകൾക്കും വിധേയമായി പ്രവർത്തിച്ചു കൊള്ളാമെന്ന് ഉറപ്പു നൽകേണ്ടതാണ്. ഇതിനായി കരാറുകാരൻ കാന്റീൻ നടത്തിപ്പിനെ സംബന്ധിച്ച് 200 രൂപയുടെ മുദ്രപ്പത്രത്തിൽ നിർദ്ദിഷ്ഠ മാതൃകയിലുള്ള ഒരുകരാറിൽ ഒപ്പുവയ്ക്കേണ്ടതാണ്. കൂടാതെ മുൻകൂർ സെക്യൂരിറ്റി നിക്ഷേപമായി 10,000 രൂപ കമ്പനിയിൽ ഒടുക്കിയതിന്റെ രസീതു കൂടി സമർപ്പിക്കേണ്ടതാണ്. കരാർകാലയളവ ്വിജയകരമായി പൂർത്തിയാക്കിയാൽ പലിശയില്ലാതെ സെക്യൂരിറ്റിനിക്ഷേപം തിരിച്ചുനൽകുന്നതും അല്ലാത്തപക്ഷം സെക്യൂരിറ്റിതുക കണ്ടുകെട്ടുന്നതിന് കമ്പനിക്ക് അധികാരമുണ്ടായിരിക്കുന്നതുമാണ്.

32. 1948 ലെ ഫാക്ടറീസ്ആക്റ്റ് 1956 ലെ കേരളാ ഫാക്ടറീസ്റൂൾസ്എന്നിവ . അനുശാസിക്കുന്ന വിധം കാന്റീനിൽ വൃത്തിമുതലായവ ഉറപ്പുവരുത്തേണ്ടതാണ്.

33. കേരളാ ഫാക്ടറീസ്റൂൾസ് അനുശാസിക്കുന്നതരത്തിലുള്ള ഒരുകാന്റീനിൽ മാനേജിംഗ്കമ്മിറ്റി രൂപീകരിക്കുന്നതും ടി കമ്മറ്റി അംഗങ്ങൾക്ക്റൂൾസ് അനുസരിച്ച് കാന്റീൻ വൃത്തി,ഭക്ഷണത്തിന്റെഗുണനിലവാരം, അളവ്,തൂക്കംഎന്നിവയെ് സംബന്ധിച്ച അന്വേഷിക്കുവാനും പരിശോധിക്കുവാനുള്ള അവകാശമുണ്ടായിരിക്കുന്നതും ആകയാൽ കരാറുകാരൻ വേണ്ട സഹകരണം നല്കേണ്ടതുമാണ്.

34. ഏതെങ്കിലും കാരണവശാൽ കാന്റീന്റെ പ്രവർത്തനം സ്വമേധയാ ഇടയ്ക്കുവെച്ച് അവസാനിപ്പിക്കുകയാണെങ്കിൽ കോൺട്രാക്റ്ററുടെ മുൻകൂർ സെക്യൂരിറ്റി നിക്ഷേപം കണ്ടുകെട്ടുകയും കമ്പനിക്കുണ്ടാവുന്ന നഷ്ടം കോൺട്രാക്റ്ററുടെ ബില്ലിൽ നിന്നും ഈടാക്കുന്നതുമായിരിക്കും

35. ജീവനക്കാർക്ക് ്ഗുണനിലവാരം കുറഞ്ഞ ഭക്ഷണം നൽകുന്നുവെന്ന് കാന്റീൻ കമ്മറ്റിക്ക് പരാതി ലഭിക്കുകയാണെങ്കിൽ മൂന്ന് തവണതാക്കീത് നൽകുകയും മൂന്നാമത്തെ താക്കീതിനൊപ്പം വർക്ക്ഓർഡർ റദ്ദാക്കുന്നതായിരിക്കും

36. ഏതെങ്കിലും അവസരത്തിൽ പഴകിയ സാധനങ്ങൾ വിതരണം ചെയ്യുകയാണെങ്കിൽ ടി അവസരങ്ങളിൽ തൊഴിലാളികൾ പുറത്തുനിന്നും വാങ്ങികഴിക്കുന്ന ആഹാരത്തിന് കമ്പനിക്കുണ്ടാകുന്ന അധിക ബാധ്യത കോൺട്രാക്ടറിൽ നിന്നും ഈടാക്കുന്നതാണ്.(കോൺട്രാക്ടറുടെ ബില്ലിൽ നിന്നും പിടിക്കുന്നതാണ്)

37. കാന്റീനും, പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം വൃത്തിഹീനമായ നിലയിൽ കണ്ടാൽ, ശുചീകരണ പ്രവൃത്തികൾ കമ്പനി നേരിട്ട് ചെയ്യുന്നതാണ്. അതിനുവേണ്ടി കമ്പനിക്കുണ്ടാകുന്ന ചെലവ് കോൺട്രാക്ടറുടെ ബില്ലിൽ നിന്നും ഈടാക്കുന്നതാണ്.

38. ആരോഗ്യവകുപ്പ്, ഭക്ഷ്യ വകുപ്പ്എന്നിവരുടെ മാനദണ്ഡങ്ങൾ അനുസരിച്ചുംകേരളാ ഫാക്ടറീസ്റൂൾസ് അനുസരിച്ചാണ് ഫാക്ടറി കാന്റീൻ നടത്തേണ്ടത്.

39. കാന്റീൻ പ്രവർത്തനം തുടങ്ങി ഒരു മാസത്തിനകം fssai liecence, ജീവനക്കാരുടെ ലിസ്റ്റ് അവരുടെ Health Card എന്നിവ കമ്പനിയെ ഏൽപ്പിക്കേണ്ടതാണ്; അല്ലാത്തപക്ഷം ടെണ്ടർ Cancel ചെയ്തത് റീടെണ്ടർ നടപടിയിലേക്ക് നീങ്ങുന്നതായിരിക്കും

40. ഹെഡ് ഓഫീസിലെ ജീവനക്കാർക്കുള്ള ഉച്ചഭക്ഷണം ഹെഡ് ഓഫീസിൽ എത്തിച്ച് കൊടുക്കേണ്ടതാണ് .

40 .ജീവനക്കാർ വൃത്തിയുള്ള രീതിയിൽ വസ്ത്രങ്ങൾ ധരിക്കുകയും ഭക്ഷണം പാചകം ചെയ്യുകയും വിളമ്പുകയും മാന്യമായി പെരുമാറുകയും ചെയ്യേണ്ടതാണ്.

താല്പര്യമുള്ളവർ, നിർദ്ദിഷ്ഠ ഫോറത്തിൽ മത്സരസ്വഭാവമുള്ള ടെണ്ടറുകൾ മുദ്രണം ചെയ്തകവറിൽ“കാന്റീൻ കരാറിനുള്ളടെണ്ടർ’’എന്ന്ആലേഖനം ചെയ്ത് **30.04.2024** ന് 3 മണിയ്ക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. ലഭിച്ചിട്ടുള്ള ടെണ്ടറുകൾ **30.04.2024** ന് **3.30** മണിയ്ക്ക് സന്നിഹിതരാകുന്ന ടെണ്ടർ ദാതാക്കളുടെയോ അവരുടെ നോമിനിയുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും അനന്തരനടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

കേരളസിറാമിക്സിനുവേണ്ടി;

ഡെപ്യൂട്ടിമാനേജർ (കൊമേഴ്സ്യൽ)

# ദി കേരളാസിറാമിക്സ്ലിമിറ്റഡ്

## കുണ്ടറ പി.ഓ, കൊല്ലം

**അനുബന്ധം - I**

| സമയം | ഭക്ഷണപദാർത്ഥങ്ങൾ | അളവ് | വിലവിവരം |
|---|---|---|---|
| (7.20-7.50 രാവിലെ)<br>(9.30-10.00 രാവിലെ) | ദോശയും,ചമ്മന്തിയോ<br>സാമ്പാറോ | 35 ഗ്രാം | 0.30 രൂപ |
| (2.00-2.30വെളുപ്പിന്) | പത്തിരി/ചപ്പാത്തി/പൂരി | 50 ഗ്രാം | 0.40 രൂപ |
| | ഇഡ്ഡലി | 35 ഗ്രാം | 0.35 രൂപ |
| | അപ്പം/ഇടിയപ്പം | 50 ഗ്രാം | 0.40 രൂപ |
| | ഉപ്പ്മാവ്/പുട്ട് | 200ഗ്രാം | 1.60 രൂപ |
| | വട / പഴംപൊരി | 35 ഗ്രാം | 0.40 രൂപ |
| | കിഴങ്ങുകറി, കടലക്കറി | | |
| | മുട്ടക്കറി (മുട്ട 1 എണ്ണം) | 100 ഗ്രാം | 0.55 രൂപ |
| | ചായ | 6 ഔൺസ് | 0.70 രൂപ |
| | കട്ടൻ കാപ്പി | 6 ഔൺസ് | 0.40 രൂപ |
| | പാൽക്കാപ്പി | 6 ഔൺസ് | 0.70 രൂപ |
| | നേന്ത്രപ്പഴം | 1 എണ്ണം | 1.00 രൂപ |
| | ചെറിയ പഴങ്ങൾ | 2 എണ്ണം | 1.00 രൂപ |
| 12.00-1.00p.m<br>(8.00-8.30p.m) | (അരിയുടെചോറ് )<br>(1 കിലോഅരിയുടെചോറിന് 4 ഊണ്) | 250 ഗ്രാം | 3.75 രൂപ |

ഒഴിച്ചുകറി - 3എണ്ണം - സാമ്പാർ,രസം,പുളിശ്ശേരി,മോര്

തൊടുകറി - 3എണ്ണം - പച്ചടി,അവിയൽ,തോരൻ,

ഉള്ളിക്കറി,നാരങ്ങക്കറി

കുടിക്കാൻ -മല്ലിവെള്ളം/കരിങ്ങാലിവെള്ളം

| | |
|---|---|
| മീൻകറി/ചിക്കൻ കറി /ബീഫ് കറി | 2.95 രൂപ |
| തൈര് (100ml) | 2.00രൂപ |

9/6 ഷിഫ്റ്റിലെജീവനക്കാർക്ക് പ്രഭാതഭക്ഷണം 10 നും-10.30നും ഇടയ്ക്കും ഉച്ചഭക്ഷണം 1 നും- 2 നും ഇടയ്ക്കും നൽകേണ്ടതാണ്.

---


കേരളാസിറാമിക്സ്ലിമിറ്റഡ്
കുണ്ടറ പി.ഓ, കൊല്ലം
ഫോൺ 04742522248, 2526158, ഫാക്സ് 04742522344


TD.No.04/ P&S / 1329/2024-25 15.04.2024

**അനുബന്ധം - II**

**ടെണ്ടർ ഫാറം**

**കേരളാസിറാമിക്സിനുവേണ്ടി ഞാൻ (ഞങ്ങൾ) ടെണ്ടർ പരസ്യത്തിൽകൊടുത്തിരിക്കുന്ന വ്യവസ്ഥകൾക്ക്വിധേയമായി പ്രവർത്തിച്ചുകൊള്ളാമെന്ന്ഉറപ്പുനൽകിക്കൊണ്ട്എന്റെ (ഞങ്ങളുടെ) ടെണ്ടർസമർപ്പിച്ചുകൊള്ളുന്നു.**

| സമയം | ഭക്ഷണപദാർത്ഥങ്ങൾ | അളവ് | വിലവിവരം |
|---|---|---|---|
| (7.20-7.50 രാവിലെ)<br>(9.30-10.00 രാവിലെ) | ദോശയും,ചമ്മന്തിയോ സാമ്പാറോ | 35 ഗ്രാം | 0.30 രൂപ |
| (2.00-2.30വെളുപ്പിന്) | പത്തിരി/ചപ്പാത്തി/പൂരി | 50 ഗ്രാം | 0.40 രൂപ |
| | ഇഡ്ഡലി | 35 ഗ്രാം | 0.35 രൂപ |
| | അപ്പം/ഇടിയപ്പം | 50 ഗ്രാം | 0.40 രൂപ |
| | ഉപ്പ്മാവ്/പുട്ട് | 200ഗ്രാം | 1.60 രൂപ |
| | വട / പഴംപൊരി | 35 ഗ്രാം | 0.40 രൂപ |
| | കിഴങ്ങുകറി, കടലക്കറി | | |
| | മുട്ടക്കറി (മുട്ട 1 എണ്ണം) | 100 ഗ്രാം | 0.55 രൂപ |
| | ചായ | 6 ഔൺസ് | 0.70 രൂപ |
| | കട്ടൻ കാപ്പി | 6 ഔൺസ് | 0.40 രൂപ |
| | പാൽക്കാപ്പി | 6 ഔൺസ് | 0.70 രൂപ |
| | നേന്ത്രപ്പഴം | 1 എണ്ണം | 1 രൂപ |
| | ചെറിയ പഴങ്ങൾ | 2 എണ്ണം | 1 രൂപ |
| 12.00-1.00p.m<br>(8.00-8.30p.m) | (അരിയുടെചോറ് ) | 250 ഗ്രാം | 3.75 രൂപ |
| | (1 കിലോഅരിയുടെചോറിന് 4 ഊണ്) | | |

ഒഴിച്ചുകറി - 3എണ്ണം - സാമ്പാർ,രസം,പുളിശ്ശേരി,മോര്

തൊടുകറി - 3എണ്ണം - പച്ചടി,അവിയൽ,തോരൻ,

ഉള്ളിക്കറി,നാരങ്ങക്കറി

| | |
|---|---|
| കുടിക്കാൻ -മല്ലിവെള്ളം/കരിങ്ങാലിവെള്ളം | |
| മീൻകറി/ചിക്കൻ കറി /ബീഫ് കറി | 2.95 രൂപ |
| തൈര് (100ml) | 2.00രൂപ |

9/6 ഷിഫ്റ്റിലെജീവനക്കാർക്ക് പ്രഭാതഭക്ഷണം 10 നും-10.30നും ഇടയ്ക്കും ഉച്ചഭക്ഷണം 1 നും- 2 നും ഇടയ്ക്കും നൽകേണ്ടതാണ്.

----------------------------------------------------------------------

മുകളിൽ പറഞ്ഞിരിക്കുന്ന ഭക്ഷണ പദാർത്ഥങ്ങൾ അതേ നിരക്കിൽ കൃത്യസമയങ്ങളിൽ ജീവനക്കാർക്ക് വിതരണം ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള വിലയുടെ ---------- - ശതമാനം കൂടിസബ്സിഡിയായി ആവശ്യപ്പെടുന്നു.

സ്ഥലം- ടെണ്ടർസമർപ്പിക്കുന്നയാളിന്റെ പേര്: ഒപ്പ്

തീയതി- മേൽവിലാസം: ഫോൺ നമ്പർ